"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പരേതനായ നാസർഷാ എസ്.ന്റെ , വാഹനാപകടം മൂലം മാനസിക വൈകല്യം സംഭവിച്ച മകൻ ശ്രീ. സ്വാതിഷായ്ക്ക്, മാനുഷിക പരിഗണനയോടെ , നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് മിനിമം കുടുംബ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ -ബി) വകുപ്പ്

G.O.(Ms)No.147/2026/FIN തീയതി,തിരുവനന്തപുരം, 06-11-2026

പരാമർശം:-

1. ശ്രീമതി എൻ.ഷൈല ബീഗത്തിന്റെ അപേക്ഷ
2. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ 10/11/2025-ലെ ശിപാർശ
3. സാമൂഹ്യനീതി ഡയറക്ടറുടെ 16/06/2026- ലെ റിപ്പോർട്ട്

ഉത്തരവ്

നെടുങ്കണ്ടം എം.ഇ.എസ്. കോളേജ് അധ്യാപകനായിരുന്ന നാസർഷാ എസ്. സർവ്വീസിലിരിക്കെ 18.12.2004-ൽ മരണപ്പെടുകയുണ്ടായി. ടിയാന്റെ ഭാര്യ ശ്രീമതി. ഷൈലാ ബീഗം എൻ. കുടുംബ പെൻഷൻ കൈപ്പറ്റി വരവെ 28.12.2017-ൽ പുനർവിവാഹിതയാവുകയും ടിയാന്റെ മൂത്ത മകന് 25 വയസ്സ് പിന്നിടുകയും ചെയ്തതിനാൽ, KSR Part III Rule 90(6)(c) പ്രകാരം 25 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വിഭാഗത്തിൽപ്പെടുത്തി ടിയാന്റെ രണ്ടാമത്തെ മകനായ ശ്രീ. സ്വാതി ഷായ്ക്ക് കുടുംബ പെൻഷൻ അനുവദിച്ചിരുന്നു. 20.07.2024-ൽ ശ്രീ.സ്വാതി ഷായ്ക്ക് 25 വയസ്സ് പൂർത്തിയായതിനെ തുടർന്ന് 21.07.2024 മുതൽ പ്രസ്തുത കുടുംബ പെൻഷൻ നിർത്തലാക്കുകയുണ്ടായി.

2. 2018-ലെ പ്രളയാനന്തരം 'സംസ്ഥാന പുനർനിർമ്മിതി' എന്ന സന്ദേശമുയർത്തിയും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (CMDRF) സംഭാവന സമാഹരിക്കണമെന്ന ആഹ്വാനത്തോടെയും, സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ കന്യാകുമാരി മുതൽ കാശ്മീർ വരെ ബൈക്ക് പര്യടനം നടത്തുന്നതിനിടെ 25.09.2018-ൽ മധ്യപ്രദേശിലെ ടിക്കാംഘറിൽ വെച്ച് ശ്രീ സ്വാതി ഷായ്ക്ക് റോഡപകടത്തിൽ പരിക്കേൽക്കുകയും, തലച്ചോറിനേറ്റ പരിക്കിനെ തുടർന്ന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്, പെർമനെന്റ് UDID Card എന്നിവ പ്രകാരം ടിയാന് 50% മാനസിക വൈകല്യം ബാധിച്ചതായി (Major Neurological Disorder due to traumatic Brain Injury and Post-traumatic Epilepsy) സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ, ടിയാനെ 25 വയസ്സ് കഴിഞ്ഞ ഭിന്നശേഷിക്കാരായ മക്കളുടെ വിഭാഗത്തിൽപ്പെടുത്തി കുടുംബപെൻഷൻ പുനഃസ്ഥാപിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് മാതാവ് ശ്രീമതി. ഷൈലാ ബീഗം എൻ. പരാമർശം (1) പ്രകാരം അപേക്ഷ നൽകുകയുണ്ടായി. കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം III Rule 90 Sub Rule 7 - ലെ പ്രോവിസോ , G.O.(P)No.59/2024/FIN തീയതി 22/07/2024 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ജീവനക്കാരുടെ മക്കൾക്ക് ജന്മനാൽ (Congenital) ശാരീരിക/മാനസിക വൈകല്യങ്ങൾ ഉള്ള പക്ഷം മാത്രമേ 25 വയസ്സിന് ശേഷവും ആജീവനാന്ത കുടുംബ പെൻഷന് അർഹതയുള്ളൂ എന്നതിനാൽ അപകടങ്ങൾ, രോഗങ്ങൾ, പ്രായാധിക്യം എന്നിവ മൂലം സംഭവിക്കുന്ന വൈകല്യങ്ങൾക്ക് കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം III പ്രകാരം കുടുംബ പെൻഷൻ അനുവദിക്കാൻ നിലവിൽ നിയമപരമായ വ്യവസ്ഥയില്ല. എന്നാൽ, കേരള സംസ്ഥാന പുനർനിർമ്മിതിക്കും പ്രളയ ദുരിതാശ്വാസ നിധി സമാഹരണത്തിനുമായി സംസ്ഥാന സർക്കാരിന്റെ പൂർണ്ണ അധികാരാനുമതിയോടെ നടത്തിയ ഔദ്യോഗിക പര്യടനത്തിനിടെയാണ് ശ്രീ.സ്വാതി ഷായ്ക്ക് അപകടവും തുടർന്ന് ശാശ്വത മാനസിക വൈകല്യവും ഉണ്ടായത് എന്നതിനാൽ, അപകടത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് 'ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശ നിയമം 2016'-ന്റെ പരിധിയിൽ ഉൾപ്പെടുത്തി പെൻഷൻ നൽകാൻ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുള്ളതാണ്. കൂടാതെ തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാൻ സ്വന്തമായി ജോലി ചെയ്ത് ജീവിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും മാതാവിന്റെ കാലശേഷം ടിയാന്റെ സംരക്ഷണത്തിനും പ്രതിമാസം മരുന്നിനായി വരുന്ന ചെലവുകൾക്കും സാമൂഹിക സുരക്ഷ മുൻനിർത്തി പെൻഷൻ അനുവദിക്കുന്നത് ഉചിതമായിരിക്കും എന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

3. സർക്കാർ മേൽവിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രളയാനന്തരം

കേരള സംസ്ഥാന പുനർനിർമ്മിതിക്കും പ്രളയ ദുരിതാശ്വാസ നിധി സമാഹരണത്തിനുമായി സംസ്ഥാന സർക്കാരിന്റെ പൂർണ്ണ അധികാരാനുമതിയോടെ നടത്തിയ ഔദ്യോഗിക പര്യടനത്തിനിടെയാണ് ശ്രീ.സ്വാതി ഷായ്ക്ക് അപകടം സംഭവിച്ചതെന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാരിന്റെ കരുതലും സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി, മാനുഷിക പരിഗണന മുൻനിർത്തി, മറ്റൊന്നിനും കീഴ്വഴക്കമാകാത്ത വിധം പ്രത്യേക കേസായി പരിഗണിച്ച് കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 90(7) - ലെയും 22.07.2024-ലെ സ.ഉ.(പി) നം. 59/2024/ധന ഉത്തരവിലെയും വ്യവസ്ഥകളിൽ ഇളവ് നൽകി, ടിയാൻ സ്ഥിരം വരുമാനമാർഗമാർജ്ജിക്കുന്നതു വരെ, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വരുമാനപരിധിക്ക് വിധേയമായി, ശ്രീ.സ്വാതി ഷായ്ക്ക്, പ്രതിമാസം മിനിമം കുടുംബ പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. കുടുംബ പെൻഷൻ ലഭിക്കുന്നതിന് ഫോം 6 , ഡിസ്ക്ലിപ്റ്റീവ് റോൾ ആൻഡ് ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ് , പരേതനായ നാസർ ഷായുടെ പെൻഷൻ പേയ്മെന്റ് ഓർഡറിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് , ഉത്തരവ് തീയതി മുതൽ പെൻഷൻ ഓതറൈസ് ചെയ്ത നല്കുന്നതിലേക്കായി അക്കൗണ്ടന്റ് ജനറലിനെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANUPAMA T V I A S

SECRETARY

പകർപ്പ് :-

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി ഓ ,തിരുവനന്തപുരം

4.സെക്രട്ടറി,ഉന്നത വിദ്യാഭ്യാസ വകുപ്പ് ,,ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

5.ധനകാര്യ പെൻഷൻ (എ) വകുപ്പ്

6.പൊതുഭരണ എസ്.സി വകുപ്പ് (04/11/2026 -ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ 288)

7. ഡയറക്ടർ ,കോളേജിയേറ്റ് എഡ്യൂക്കേഷൻ തിരുവനന്തപുരം

8. ശ്രീമതി.എൻ.ഷൈല ബീഗം,സാഫല്യം, എസ്.ആർ.എ സി-29, ടി.സി 32/സി/2354,

മണികണ്ഠേശ്വരം പി.ഒ, തിരുവനന്തപുരം

9.നോഡൽ ഓഫീസർ www.finance.kerala.gov.in

10.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3252307)

ഉത്തരവിൻ പ്രകാരം
Digitally signed by
Sujeev S J
Date: 06-11-2026
16:53:37
സെക്ഷൻ ഓഫീസർ